(സി) ഈ പദ്ധതിക്കുവേണ്ടി കനാലുകൾ, ശാഖകൾ, ഉപശാഖകൾ എന്നിവയുടെ നിർമ്മാണങ്ങൾ വിവിധ സ്ഥലങ്ങളിൽ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. ഈ പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 15,70,68,914/-രൂപ ചെലവഴിച്ചിട്ടുണ്ട്.

തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണം

106 (6265) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന സമയം പരമാവധി കുറയ്ക്കാൻ കഴിയുംവിധം ശാസ്ത്രീയമായ ഒരു കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇത്തരം ഒരു കലണ്ടറിന് രൂപം നൽകുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നോ ;

(സി) എങ്കിൽ ആരൊക്കെ അംഗങ്ങളായ സമിതിയെയാണ് ഇതിനായി നിയോഗിച്ചിരുന്നത് ;

(ഡി) ഈ സമിതി ഇതു സംബന്ധിച്ച് എന്തൊക്കെ ശുപാർശകളാണ് നൽകിയത് ;

(ഇ) സർക്കാർ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എഫ്) തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും ഷട്ടറുകളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നത് സംബന്ധിച്ചുള്ള ചെന്നൈ ഐ. ഐ. ടി. യുടെ റിപ്പോർട്ട് ലഭിച്ചിരുന്നുവോ ;

(ജി) ഇതനുസരിച്ച് തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി)-(എഫ്) 2006-ലെ വേനൽമഴയെത്തുടർന്ന് കുട്ടനാട്ടിലെ പുഞ്ച കൃഷിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക സർവ്വകലാശാല, അനുബന്ധ സ്വയംഭരണ സ്ഥാപനങ്ങൾ, കർഷകർ, കർഷക തൊഴിലാളി പ്രതിനിധികൾ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കളക്ടർമാർ, പ്രിൻസിപ്പൽ കൃഷി ആഫീസർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് കൂടുന്ന യോഗങ്ങളിൽ ചർച്ച ചെയ്താണ് നിലവിൽ കാർഷിക കലണ്ടർ തയ്യാറാക്കുന്നത്. ഇത് സംബന്ധിച്ച് പൂർണ്ണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ചെന്നൈ ഐ.ഐ.റ്റി.യുടെ സമഗ്രമായ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ എന്തെല്ലാം നടപടികൾ എടുക്കണമെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

കോഴിത്തോട് ജലസേചന പദ്ധതി

107 (6266) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി മുല്ലശ്ശേരി എള വള്ളി പഞ്ചായത്തുകളുൾപ്പെടുന്ന കോഴിത്തോട് ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തി ലാണെന്നും എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ ;

(സി) കോഴിക്കോട് ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന മണൽ എന്തു ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(ഡി) മണൽ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മണൽ നിലം നികത്തുന്നതിനും മറ്റുമായി അനധികൃ തമായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മണലിന് വില ലഭിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1.24 കോടി രൂപയാണ് കോഴിത്തോട് ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് തുക.

(ബി) 50% പണി കഴിഞ്ഞു. 30-6-2011 ആകുമ്പോഴേയ്ക്കും പണി പൂർത്തി യാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി)-(എഫ്) ഇവിടെ നിന്നും ലഭിക്കുന്നത് മണ്ണും ഉപയോഗശൂന്യമായ ചെമാലിന്യങ്ങളുടെ മിശ്രിതവുമാണ്. ഇത് ബാക്ക് ഫില്ലിംഗിന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ബാക്കിവരുന്നത് കരാറുകാരനിൽനിന്നും നിശ്ചിത തുക ഈടാക്കി കരാറുകാരന്റെ സ്വന്തം വാഹനത്തിൽത്തന്നെ സൈറ്റിൽ നിന്നും നീക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. മഴമാറി വാഹനം സൈറ്റിൽക്കൂടി ഓടാൻ തുടങ്ങിയാൽ ഇത് നീക്കം ചെയ്യുന്നതാണ്.

ചെറുകുളങ്ങൾ സംരക്ഷിക്കാൻ നടപടി

108 (6267) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകുളങ്ങൾ ഉൾപ്പെടെയുള്ള കേരളത്തിലെ മുഴുവൻ ജലാശ യങ്ങളുടേയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി

LIBRARY ARCHIVES Kerala Legislative Assembly